കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഒരുമനയൂർ ഗ്രാമപഞ്ചായത്ത്

2016-17

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1405/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 04872331249
ഇ- മെയിൽ – dotsr.ksad@kerala.gov.in
തീയ്യതി: 17.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഒരുമനയൂർ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : ഒരുമനയൂർ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി8)1405/2017 തിയ്യതി:17.10.2017

## തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2016-17 വർഷം മാന്വൽ രശീതികൾ ഉപയോഗിച്ച് വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2016-17 വർഷം മാർച്ച് മാസത്തിലെ സാംഖ്യ രശീതികളുടെ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9.8.17 മുതൽ 18.8.17 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എൻ.സതീശൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | വിജയശ്രീ.പി | അസി.ഓഡിറ്റ് ഓഫീസർ |
| | ലിഷ.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| | ബിന്ദു.സി.വി | ഓഡിറ്റർ (14.8.17 വരെ) |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കെ.ജെ.ചാക്കോ | 1.4.2016മുതൽ 31.3.2017വരെ |
| സെക്രട്ടറി | ഇ.എ.രാജൻ | 1.4.2016മുതൽ 25.4.16 വരെ |
| സെക്രട്ടറി(ഇൻചാർജ്) | ഐ.പി.പീതാംബരൻ | 26.4.2016മുതൽ 17.5.16വരെ |
| സെക്രട്ടറി | ഇ.എ.രാജൻ | 18.5.2016മുതൽ 21.9.16 വരെ |
| സെക്രട്ടറി(ഇൻചാർജ്) | ഷാജി.സി.ചിറ്റിലപ്പിള്ളി | 22.9.2016മുതൽ 4.10.16വരെ |
| സെക്രട്ടറി | ഇ.എ.രാജൻ | 5.10.16 മുതൽ 31.3.17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | രമ്യ. വി.എം. | 1.4.2016 മുതൽ 30.9.16 വരെ |
| | ഒഴിവ് | 1.10.2016മുതൽ 13.10.16വരെ |
| | പ്രതീഷ് വി.എസ് | 14.10.2016മുതൽ 31.3.2017 വരെ |
| അസി.എഞ്ചിനീയർ | രിഷ്മ. പി.പി. | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ.രാഖി വിജയൻ | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ. സരിത.എസ് | 1.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഷംസാദ്. എം | 1.4.2016മുതൽ 19.9 .2016FN വരെ |
| | സബിത.കെ.കെ | 19.9 .2016മുതൽ 31.3.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സന്തോഷ്.പി.ടി | 1.4.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ഇ-ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 8925/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം | 2-1 |
| 13 | വസ്തു നികുതി കുടിശ്ശിക-നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 2-2 |
| 14 | 2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ-റഗുലറൈസ് ചെയ്ത കേസുകളിൽ പെർമിറ്റ് ഫീ ഈടാക്കിയില്ല | 2-3 |
| 15 | അനധികൃത കെട്ടിടം നിർമ്മാണം-കമ്മറ്റി തീരുമാനം നടപ്പിലാക്കുന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. | 2-4 |
| 16 | രശീതി പരിശോധന-അപാകതകൾ | 2-5 |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-6 |
| 18 | ഡി&ഒ ലൈസൻസ് - അപാകതകൾ | 2-7 |
| 19 | തൊഴിൽ നികുതി -അപാകതകൾ | 2-8 |
| | ഭാഗം 3 | |
| 20 | പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കൽ - ഗാർഹിക കണക്ഷൻ നടപടികൾ പൂർത്തിയായിട്ടില്ല. | 3-1 |
| 21 | തെരുവുനായ് വന്ധീകരണം - വിഷനായ്ക്കളുടെ നിർമ്മാർജ്ജനം - സാമ്പത്തിക വർഷം രണ്ട് തവണ തുക ചെലവഴിച്ചു. | 3-2 |
| 22 | പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം | 3-3 |

| | | |
|---|---|---|
| 23 | ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം | 3-4 |
| 24 | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തി - അപാകതകൾ. | 3-5 |
| 25 | മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ | 3-6 |
| 26 | വാതക ശ്മശാനം - നിർമ്മാണം - അവസാന ഘട്ടത്തിൽ | 3-7 |
| 27 | പാലിയേറ്റീവ് കെയർ-KMSCL- ൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ് | 3-8 |
| 28 | അങ്കണവാടികളിലേക്ക് ഗ്യാസ് സ്റ്റൗവ് വാങ്ങൽ- ജി.ഒ(ആർ.ടി) 2487/2016 തസ്വഭവ. തീയ്യതി 20-8-16- ലെ വ്യവസ്ഥ പാലിച്ചില്ല. | 3-9 |
| 29 | അങ്കണവാടി പോഷകാഹാരം പദ്ധതി -അപാകതകൾ | 3-10 |
| 30 | അങ്കണവാടിപോഷകാഹാരം -കേന്ദ്രവിഹിതം ലഭിച്ചത് ചെലവഴിച്ചതിന് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. | 3-11 |
| 31 | അങ്കണവാടി പോഷകാഹാരം -സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണം നടത്തിയതിൻെറ വിവരങ്ങളും ലഭ്യമല്ല | 3-12 |
| 32 | അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്ര വിഹിതം- ബാലൻസ് തുക വിനിയോഗിച്ചിട്ടില്ല | 3-13 |
| 33 | SSA പഞ്ചായത്ത് വിഹിതം- അധികം അടച്ച തുക തിരികെ ലഭിക്കേണ്ടത് | 3-14 |
| 34 | IKMപ്രവർത്തനഫണ്ട്-രശീതി ഇല്ല | 3-15 |
| 35 | തെരുവുവിളക്ക് മെയിൻ്റനൻസ്-തുക മുൻകൂർ നൽകി | 3-16 |
| 36 | ഗാർഹികകണക്ഷൻ നല്കലും ലൈൻനീട്ടലും | 3-17 |
| 37 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല | 3-18 |
| 38 | കെ.എസ്.ഇ.ബി ക്ക് മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. | 3-19 |
| 39 | ആശ്രയ പദ്ധതി -പുരോഗതി മന്ദഗതിയിൽ | 3-20 |
| ഭാഗം 4 | | |
| 40 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 41 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 48 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29-2-2016തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 22-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ച്,അപാകതകൾ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു

(i)Treasury-OwnFund-VPFA-1-2 അക്കൗണ്ടിന്റെ പാസ്സ് ബുക്ക്(31.3.2017 ലെ നീക്കിയിരിപ്പ്=204/-) പരിശോധനക്ക് ലഭിച്ചിട്ടില്ല.

(ii)താഴെ പറയുന്ന വരവിനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| Schedule | Code | Item | Amount | |
|---|---|---|---|---|
| RP-36 | 350800299 | Other liabilities | 317208 | |
| RP-47 | 460100103 | Temporary advance for offical purpose | വരവ് | ചെലവ് |
| | | | 36211 | 50300 |
| | 460500501 | Advance to | 254728 | 151870 |

| | | | | |
|---|---|---|---|---|
| | | implementing officers | | |
| | 460509901 | Advance to others | 17400 | 8700 |

(iii)വസ്തുനികുതി-ഡി.സി.ബി കണക്കുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.സാംഖ്യ-സഞ്ചയ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.സഞ്ചയ ഡി.സിബി കണക്കുകളിൽ വ്യക്തതയില്ല

(iv)ICDS Central Share-യഥാർത്ഥ വരവ്= 4,41,888/-

വാർഷികകണക്ക് പ്രകാരം 5,17,778/- രൂപ. 75,890/- രൂപ അധികം വരവായി കാണിച്ചിരിക്കുന്നു.

(v)ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തികരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(vi)നാളിതുവരെയുള്ള ആസ്തി കണക്കാക്കി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

റിമാർക്ക്സ്:- ഓണം അഡ്വാൻസ് ഇനത്തിൽ 12,000/-രൂപ പഞ്ചായത്തിന് ലഭിക്കാനുള്ളതായി ബാലൻസ് ഷീറ്റിൽ കാണുന്നു.

ഓഡിറ്റ് എൻക്വയറി-22/17.8.2017

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, രസീറ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2757822.80 |
| വരവ് | 31591716 |
| ആകെ | 34349538.80 |
| ചെലവ് | 32435212 |
| നീക്കിയിരിപ്പ് | 1914326.80 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ്/വരവ് | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4787485 | 4394002 | 91.78 | 393483 |
| വികസനഫണ്ട് എസ്.സി.പി. | 5073633 | 3645800 | 71.86 | 1427833 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 3179121 | 2284614 | 71.86 | 894513 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2554755 | 919960 | 36.01 | 1634795 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2684881 | 2010908 | 74.9 | 673973 |
| ലോകബാങ്ക് സഹായം(കേന്ദ്രം) | 21561469 | 6590847 | 30.57 | 14970622 |
| ലോക ബാങ്ക് സഹായം(സംസ്ഥാന വിഹിതം) | 0 | 0 | 0 | 0 |
| ജനറൽ പർപ്പസ് ഫണ്ട് | 3951468 | 3951468 | 100 | 0 |
| ബി ഫണ്ട് | 18026020 | 18026020 | 100 | 0 |
| എൻ ആർ ഇ ജി എസ് | 9899210 | 9895885 | 99.97 | 3325 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 43391396 | 73 | 20697799 | 44 | 0 | 62.39 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.84% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2391989 | 2612367 | 220378 | (+)9.21 |
| നികുതിയേതര വരവുകൾ | 327905 | 1082424 | 754519 | 230.10 |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 2719894 | 3694791 | 974897 | 35.84 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 95400 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 1082120 | 573 |
| വിധവാപെൻഷൻ | 7646270 | 2971 |
| വാർദ്ധക്യകാലപെൻഷൻ | 7499100 | 2962 |
| വികലാംഗപെൻഷൻ | 1274500 | 593 |
| 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 308630 | 134 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-08-2017തിയതി 5.00pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2066/-രൂപ ക്യാഷ് നീക്കിയിരിപ്പ് ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി പൊരുത്തപ്പെട്ടിരുന്നു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഡി & ഒ ലൈസൻസ് സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ മറ്റ് എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ആസ്തികൾ സംരക്ഷിക്കുന്നതിനുള്ള എല്ലാ നടപടികളും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-7-17 | ജൂൺ2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-7-16 | 2011-12to 2015-16 | 27-10-16 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ - ടെണ്ടർ ഫോം വില – ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട 8925/- രൂപ ലഭിക്കാൻ നടപടി സ്വീകരിക്കണം

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്റ്റുകളുടെ ടെണ്ടർ ഫോം ഫീസ് സർക്കാർ ഉത്തരവ് (എം.എസ്) 318/2013ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ,എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഒരുമനയൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ 2016-17 ൽ 8925/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ഈ തുക ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ ഉൾപ്പെടേണ്ട തുകയായതിനാൽ ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി കുടിശ്ശിക-നടപടികൾ ഊർജ്ജിതപെടുത്തേണ്ടതാണ്

പഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക കണക്ക് പ്രകാരം ,ഷെഡ്യൂൾ B-15ൽ 2016-17 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ 440826 രൂപയും കുടിശ്ശിക ഇനത്തിൽ 298704 രൂപയും അടക്കം മൊത്തം 739530 രൂപ പഞ്ചായത്തിന് ലഭിയ്ക്കാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11/11.8.17 ന് കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി ലഭിച്ചിട്ടുണ്ട്.

## 2-3 2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകൾ-റഗുലറൈസ് ചെയ്ത കേസുകളിൽ പെർമിറ്റ് ഫീ ഈടാക്കിയില്ല

2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകളുടെയും, നമ്പറിങ്ങ് നടന്ന ബിൽഡിംഗുകളുടെയും ഫയലുകൾ പരിശോധിച്ചതിൽ ക്രമവത്കരണം നടന്ന കേസുകളിൽ ക്രമവൽക്കരണത്തിനുള്ള ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

പെർമിറ്റ് ഫയൽ

| വ്യക്തിയുടെ പേര് | പെർമിറ്റ് നം/ തിയ്യതി | തറ വിസ്തീർണ്ണം | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| മുഹമ്മദ്,ഈരാച്ചം പറമ്പിൽ | A6-1116/4-5-16.Rt no.11608100205 | 230.39m$^2$ | 1392 | 2074 | 692 |
| മഹനാസ്& മൻഷാദ്, പുതിയവീട്ടിൽ | A6-1844/23-8-16.Rt 11608100651 | 190.39m$^2$ | 1143 | 1714 | 571 |

| | | | | | |
|---|---|---|---|---|---|
| അബ്ദുൾറസ്സാക്ക് , പണിക്കവീട്ടിൽ | A6-2095/16 Dt.25-9-16-Rt. 11608100830 | 266.34m$^2$ | 1600 | 2397 | 797 |
| അൻസാർ, നാലകത്ത് കുറ്റിക്കാ | | 114.62m$^2$ | 690 | 1032 | 342 |

നമ്പറിങ്ങ് ഫയലുകൾ-പെർമിറ്റ് ഫീസ് ഈടാക്കാത്തത്-

| വ്യക്തിയുടെ പേര് / വീട് നം. | തറ വിസ്തീർണ്ണം/ പെർമിറ്റ് അനുവദിച്ച തിയ്യതി | ഈടാക്കിയ റഗുലറൈസേഷൻ ഫീസ്/Rt no | ഈടാക്കേണ്ട പെർമിറ്റ് ഫീസ് | കുറവ് |
|---|---|---|---|---|
| സദാനന്ദൻ, കാടാംമ്പുള്ളി 197/A | 111.69m$^2$ തിയ്യതി 9.6.17 | 671/ 608100334/ 10-6-16 | 1005 | 334 |
| കുഞ്ഞിമുഹമ്മദ്, പണിക്കവീട്ടിൽ, 158/A | 273.99m$^2$ തിയ്യതി 10.4.16 | 1644/ 11608100157/ 21-4-16 | 2466 | 822 |
| മുസ്തഫ, പണിക്കവീട്ടിൽ | 162.34m$^2$ തിയ്യതി 25.5.16 | 975/ 11608100568/ 4-8-16 | 1461 | 486 |
| ഷമീന, പണിക്കവീട്ടിൽ, ചേരത്ത്, 208/A | 147m$^2$ തിയ്യതി 25-5-16 | 882/ 11608100299/ 31-5-16 | 1323 | 441 |
| അഷ്റഫ്&ജിൻസ്, പുത്തൻപുരക്കൽ, 130/B | 141.15m$^2$ തിയ്യതി 31-5-16 | 846/ 11608106286/ 27-5-16 | 1270 | 424 |
| ഷംസീർ, ആലുംപറമ്പിൽ, 170A | 218m$^2$ തിയ്യതി 2-6-16 | 1328/ 11608100310/ 4-6-16 | 1962 | 634 |
| സലീം, അമ്പലത്ത് വീട്, 138A | 259.08m$^2$ തിയ്യതി 8-6-16 | 1555/ 11608100332/ 10-6-16 | 2332 | 777 |
| അർഷാദ്,കുറുപ്പംവീട് | 188.97m$^2$ തിയ്യതി 22-6-16 | 204/ 11608100382/ 24-6-16 | 1701 | 1497 |
| സുരേഷ്കുമാർ, കൊറമ്പി, ഒരുമനയൂർ | 16.13m$^2$ (വാണിജ്യാവശ്യം) തിയ്യതി 20-6-16 | 179/ 11608100367/ 22-6-16 | 242 | 63 |
| ആമിന, കറുപ്പം വീട്ടിൽ, 39A | 100.81m$^2$ തിയ്യതി 1-8-16 | 605/ 11608100565/ 3-8-16 | 907 | 302 |
| പ്രഭാകരൻ, പൂഴികുന്നത്ത്, 169A | 196.99m$^2$ തിയ്യതി 10-8-16 | 1182/ 11608100607/ 16-8-16 | 1773 | 591 |
| രാജൻ & പുഷ്കരൻ, ചെങ്ങനാട് അമ്പലം | 18.54m$^2$(വാണിജ്യാവശ്യം) തിയ്യതി 25-10-16 | അടവാക്കൽ വിവരം ലഭ്യമല്ല | 278 | 278 |
| നിഷാർ,പണിക്കവീട്ടിൽ | 122.81m$^2$ തിയ്യതി 18-11-16 | 737/ 11608101184/ 25-11-16 | 1105 | 368 |

| | | | | |
|---|---|---|---|---|
| അബ്ദുൾറഷീദ്, മുസ്ലീം വീട്ടിൽ | 218m$^2$ തിയ്യതി 8-12-16 | 1308/ 11608104458/ 19-12-16 | 1962 | 654 |
| ഷൈലജ, കീയപറമ്പിൽ | 105.72m$^2$ തിയ്യതി 8-12-16 | 635/11608101416 /16-12-16 | 952 | 317 |
| ഷിംജിത്, വലിയപുരയ്ക്കൽ | 24.78m$^2$ തിയ്യതി 6-1-17 | 149/11608101718 /6-1-17 | 223 | 74 |
| അഷ്റഫ്, അമ്പലത്ത് | 27.02m$^2$(വാണിജ്യാവശ്യം) തിയ്യതി 24-1-17 | 270/116081015276 /23-12-16 | 405 | 135 |
| കയ്യുമ്മ, പണിക്കവീട്ടിൽ | 145.55m$^2$ | വിവരംലഭ്യമല്ല | 1310 | 1310 |
| സുബൈർ, അറയ്ക്കൽകുറുപ്പത്ത് | 178.37m$^2$ തിയ്യതി 31-1-17 | വിവരം ലഭ്യമല്ല | 1605 | 1605 |
| ജ്ഞംന, നാലകത്ത് | 116.2m$^2$ തിയ്യതി 10-2-17 | " | 1046 | 1046 |
| പുഷ്കരൻ, ചെമ്മാംപള്ളി | 108.75m$^2$ തിയ്യതി 20-2-17 | " | 979 | 979 |
| നിഷാഗ്, മാഗേടത്ത് | 197.03m$^2$ തിയ്യതി 17-2-17 | " | 1773 | 1773 |
| മുഹമ്മദ്, ആലത്തിയിൽ | 171.64m$^2$ തിയ്യതി 4-3-17 | " | 1545 | 1545 |
| ഉമ്മുഫസീല,നാലകത്ത് ചക്കാലക്കൽ | 91.27m$^2$ (വാണിജ്യാവശ്യം) | " | 1369 | 1369 |
| സുകേശൻ, പൂക്കോട്ടിൽ | 156.63m$^2$ തിയ്യതി 16-2-17 | 987/11608102352 /21-2-17 | 1410 | 423 |
| അബ്ദുൾലത്തീഫ്, പെരുംപാടി | 103.71m$^2$ (വാണിജ്യാവശ്യം) | വിവരം ലഭ്യമല്ല | 1556 | 1556 |
| യൂനസ് നാലകത്ത് | 247.51m$^2$ തിയ്യതി 22-11-16 | 54/11608101175 /dt.23-11-16 | 2228 | 2174 |
| ഹൈഡ്രോസ്സിയാസ് അമ്പലത്ത്, 106D | 118.26m$^2$ തിയ്യതി 22-3-17 | 710 | 1064 | 354 |
| "106E | 118.26m$^2$ തിയ്യതി 22-3-17 | 710 | 1064 | 354 |
| നിസാർ, കറുപ്പം വീട്ടിൽ | 6.65m$^2$ (വാണിജ്യാവശ്യം) | 42 | 100 | 58 |
| സാജിത നെല്ലിക്കാം പറമ്പിൽ | 193m$^2$ | 393/11608102017 /23-1-17 | 1737 | 1344 |
| ആകെ | | | | 26479 |

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങളിലെ ചട്ടം 137(4)ൽ രാജിയാക്കൽ ഫീസ് പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 229813/RD/2/15ത.സ്വ.ഭ.വ തിയ്യതി.11-11-15 പ്രകാരം ക്രമവൽക്കരണ അപേക്ഷകളിൻ മേൽ പെർമിറ്റ് പുതുതായി അനുവദിക്കേണ്ടവയുടെ കാര്യത്തിൽ ആണെങ്കിൽ രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. പെർമിറ്റ്

ഫീസിനത്തിൽ കുറവ് വന്ന തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 അനധികൃത കെട്ടിടനിർമ്മാണം-കമ്മിറ്റി തീരുമാനം നടപ്പിലാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റിയുടെ 6-6-16 ലെ യോഗത്തിലെ 3(11)നമ്പർ തീരുമാന പ്രകാരം ഒരുമനയൂർ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന എയ്ഡഡ് വിദ്യാലയങ്ങളിൽ ഭൂരിഭാഗവും പഞ്ചായത്തിന് നിയമാനുസൃതം നൽകേണ്ട ഫീസുകളും, നികുതികളും നൽകുന്നില്ല എന്നും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണചട്ടങ്ങൾക്കും, തീരദേശ പരിപാലന നിയമങ്ങൾക്കും വിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ നടത്തുന്നതായും നിർമ്മാണം പൂർത്തിയായിട്ടുള്ള കെട്ടിടങ്ങൾക്ക് നിയമാനുസൃതം കെട്ടിട നമ്പർ വാങ്ങിയിട്ടില്ല എന്നും ഈ വിഷയം സ്കൂൾ അധികൃതരെ അറിയിക്കുവാനും നിയമാനുസൃത സംവിധാനത്തെ ധിക്കരിക്കുന്നത് തുടരുന്ന പക്ഷം ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടി സ്വീകരിക്കുവാനും സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി 4/16-17-തീ.10-8-17 ന് നല്കിയ മറുപടിയിൽ നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. നടപടികൾ ത്വരിതമാക്കി പുരോഗതിവിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 രശീതി പരിശോധന-അപാകതകൾ

1)ഡേ ബുക്ക് പ്രകാരമുള്ള തുക ബാങ്കിൽ വരവ് വെച്ചിട്ടില്ല.

15-12-16 തിയ്യതിയിലെ ഡേ ബുക്ക് പ്രകാരമുള്ള 13376 രൂപയും 30-12-16 തിയ്യതിയിലെ 7666 രൂപയും അന്നേ ദിവസത്തെ interrupted രസീതി പ്രകാരമുള്ള 18025 രൂപയും ബാങ്ക് പാസ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 28/18-8-17 ന് മറുപടി ലഭിച്ചിട്ടില്ല. ഈ തുക അടവാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. കുറവ് വന്ന 39067 രൂപ ബാങ്കിൽ അടവാക്കേണ്ടതുമാണ്. 28-3-17 ലെ ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ അടവാക്കിയതിൽ കുറവ് വന്ന 2450 രൂപ 19-5-17-ന് മാത്രമാണ് അടവാക്കിയത്.വരവ് വരുന്ന തുക അതാതു ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ബാങ്കിൽ അടവാക്കേണ്ടതാണ്.

2)പണം പിൻവലിക്കൽ-ബാങ്ക് ബുക്ക്-പാസ് ബുക്കുകളിലെ തുകകളിൽ വ്യത്യാസം

ടി.ഡി.സി ബാങ്ക് (A/c No.10732011303) അക്കൗണ്ടിൽ നിന്നുമുള്ള പണം പിൻവലിക്കൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) പാസ്സ് ബുക്ക് പ്രകാരം 5.1.17 ൽ 7240/- രൂപ പിൻവലിച്ചത് ബാങ്ക് ബുക്കിൽ ഇല്ല.

2) പാസ്സ് ബുക്ക് പ്രകാരം ചെക്ക് നം.661244/13.3.17 പ്രകാരം പിൻവലിച്ചത് 28622/- രൂപ. ബാങ്ക് ബുക്ക് പ്രകാരം പിൻവലിച്ചത് 23611/- രൂപ.

3) ബാങ്ക് ബുക്ക് പ്രകാരം ചെക്ക് നം. 661246/17.3.16 ൽ 765/- രൂപ ചെലവുണ്ട്. പാസ്സ് ബുക്ക് പ്രകാരം തുക പിൻവലിച്ചിട്ടില്ല. Uncashed cheque ലും ഉൾപ്പെടുത്തിയിട്ടില്ല.

4) ബാങ്ക് ബുക്ക് പ്രകാരം ചെക്ക് നം.661249/18.3.17 ന്റെ തുക 50040/- പാസ്സ് ബുക്ക് പ്രകാരം പിൻവലിച്ച തുക 65200/-

മേൽ പറഞ്ഞ വ്യത്യാസങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന എല്ലാ പരസ്യങ്ങൾക്കും പരസ്യ നികുതി ഈടാക്കേണ്ടതാണ്. 2016-17 ലെ വാർഷികകണക്കുകൾ പ്രകാരം ഒരുമനയൂർ പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി-8/11.8.17 നുള്ള മറുപടിപ്രകാരം പരസ്യനികുതി ബൈലോയ്ക്ക് പഞ്ചായത്ത് ഡയറക്ടർ അംഗീകാരം നൽകിയിട്ടുള്ളതാണ്. പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-7 ഡി&ഒ ലൈസൻസ് - അപാകതകൾ

1)ലൈസൻസ് എടുക്കാതെ പെട്രോൾ പമ്പ് പ്രവർത്തിക്കുന്നു.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എസ്സാർ പെട്രോൾ പമ്പ് 2016-17 വർഷം ഡി&ഒ ലൈസൻസ് പുതുക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 7/11.8.17 ന് 2009-10 മുതൽ സ്ഥാപനം പ്രവർത്തനരഹിതമായിരുന്നു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. 1994ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 232(1) അനുസരിച്ച് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ യാതൊരു സ്ഥാപനവും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല. എന്നാൽ 2014-15 വർഷം ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ട്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)സപ്ലൈകോ മാവേലി സ്റ്റോറിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിൽ കുറവ്

| ദിവസ വിറ്റുവരവ് | ഈടാക്കേണ്ട ഫീ | ഈടാക്കിയ ഫീ | കുറവ് |
|---|---|---|---|
| 20000/- | 500/- | 300/- | 200/- |

കുറവ് ഫീ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 16.8.17 ൽ ഈടാക്കിയതായി മറുപടിയിൽ അറിയിച്ചിട്ടുണ്ട്. രശീതിയുടെ പകർപ്പ് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

3)മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കാതെ ലൈസൻസ് അനുവദിച്ചു

1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ )ചട്ടങ്ങൾ, ചട്ടം12ൽ 3(ഡി)പ്രകാരം അഞ്ച് കുതിരശക്തിയിൽ കവിയുന്ന യന്ത്രമുപയോഗിച്ചു കൊണ്ടും പരിസരമലിനീകരണം ഉണ്ടാക്കുന്നതുമായ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഇതര സ്ഥാപനങ്ങളുടെ പ്രത്യേക അനുമതി പത്രം ലഭ്യമാക്കേണ്ടതുണ്ട് . എന്നാൽ താഴെ പറയുന്നസ്ഥാപനങ്ങൾ ആയത് പാലിക്കുന്നില്ല.

| ഡി&ഒ ക്രമ നം | ഉടമസ്ഥൻ | സ്ഥാപനം | യന്ത്രത്തിന്റെ കുതിരശക്തി |
|---|---|---|---|
| 5 | അബൂബക്കർ ഹാജി | ഫ്ലവർമിൽ | 10 എച്ച്.പി |

| | | | |
|---|---|---|---|
| 7 | ഇബ്രാഹിം.കെ | ഫ്ലവർമിൽ | 10 എച്ച്.പി |
| 13 | എൻ.ജെ.ജോർജ് | ആയുർവേദ മരുന്ന് നിർമ്മാണം | 10 എച്ച്.പി |
| 23 | എം.എം.ജോയ് | ഫ്ലവർമിൽ | 10 എച്ച്.പി |
| 30 | കെ.പി.ജയപ്രകാശ് | ഓയിൽ&ഫ്ലവർമിൽ | 20 എച്ച്.പി |
| 49 | സുഹറ മുഹമ്മദലി | ഫ്ലവർമിൽ | 10 എച്ച്.പി |
| 72 | സെഫിയ മൊയ്നുദീൻ | ഇസ്തിരി&ഡ്രൈക്ലീനിംഗ് | 20 എച്ച്.പി |
| 98 | സി.എ.മാധവൻ | വെൽഡിംഗ് വർക്ക്ഷോപ്പ് | 8.5 എച്ച്.പി |
| 122 | ആർ.ഒ.മൊയ്നുദീൻ | ഫ്ലവർമിൽ | 10 എച്ച്.പി |
| 124 | വിക്രമരാജ | ലെയ്ത്ത് വർക്ക്ഷോപ്പ് | 10 എച്ച്.പി |
| 125 | സി.സി.വില്യംസ് | ബി.ആർ.ഡി കാർവേൾഡ് | 42 എച്ച്.പി |
| 130 | കുഞ്ഞുമുഹമ്മദ് | മരമില്ല് | 40 എച്ച്.പി |
| 140 | ബാലകൃഷ്ണൻ | വർക്ക്ഷോപ്പ് | 10 എച്ച്.പി |
| 153 | കെ.വി.അബ്ദുൾ ഹമീദ് | ഫർണ്ണീച്ചർ നിർമ്മാണയൂണിറ്റ് | 18 എച്ച്.പി |
| 155 | താമർ.കെ.പി | ഫ്ലവർമിൽ | 10 എച്ച്.പി |

4)പൊതു അപാകതകൾ

(1)ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

(2)അപേക്ഷകൾ പൂർണ്ണമല്ല. അപേക്ഷകളിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതാണ്. വിറ്റുവരവ് നിർബന്ധമായും ഓരോ സ്ഥാപനത്തിന്റെയും യഥാർത്ഥ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ എഴുതേണ്ടതും അതിനനുസരിച്ച് ലൈസൻസ് ഫീയും, തൊഴിൽ നികുതിയും ഈടാക്കേണ്ടതുമാണ്. വിറ്റുവരവ്, ജീവനക്കാരുടെ എണ്ണം എന്നിവ എഴുതാത്തതിനാൽ പല സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾക്കൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ്, സ്ഥലനാമം-പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം, വാടക കരാർ, മലിനീകരണ നിയന്ത്രണബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തുടങ്ങി ഓരോ സ്ഥാപനത്തിനും ആവശ്യമായ അനുബന്ധരേഖകൾ ഉണ്ടെന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രം ലൈസൻസ് പുതുക്കേണ്ടതാണ്.

(3)ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ടതായ എല്ലാ സ്ഥാപനങ്ങളുടെയും പേരു വിവരം ഉൾകൊള്ളുന്ന സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന് വരവ് നഷ്ടം സംഭവിക്കുന്നു. ലൈസൻസ് എടുക്കേണ്ടതായ സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ ഓരോവർഷവും അപേക്ഷ സമർപ്പിക്കുന്നവരിൽ നിന്ന് മാത്രം ഫീ ഈടാക്കി ലൈസൻസ് അനുവദിക്കുന്ന രീതിയാണ് തുടരുന്നത്. ഗ്രാമ പഞ്ചായത്തിലെ എല്ലാ

സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പിക്കേണ്ടത് സെക്രട്ടറിയുടെ ബാധ്യതയാണ്. ഫീൽഡ് പരിശോധന നടത്തി നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ തയ്യാറാക്കേണ്ടതും ഓരോ വർഷവും പുതിയതായി ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. സ്ഥാപനങ്ങൾക്ക് എല്ലാ വർഷവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-8 തൊഴിൽ നികുതി -അപാകതകൾ

1)വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം/ഉടമസ്ഥൻ | വിറ്റുവരവ് | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| പലചരക്ക് കച്ചവടം/ വി.യു.നസീർ | 5000/- | 600/- | 360/- | 240/- |
| മോഡി കെയർ ഉൽപ്പന്നങ്ങൾ/ ഷൈനി ശിവദാസ് | 8000/- | 900/- | 360/- | 540/- |

2) ജെ.കെ.മാർബിൾസ് എന്ന സ്ഥാപനത്തിന്റെ ഡി&ഒ അപേക്ഷ പ്രകാരം 15 ജീവനക്കാർ ആ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഒന്നാം അർദ്ധ വർഷത്തിൽ ആ സ്ഥാപനത്തിലെ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. രണ്ടാം അർദ്ധ വർഷത്തിൽ 7 ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3) സപ്ലൈകോ മാവേലി സ്റ്റോർ ഒന്നാം അർദ്ധവർഷത്തെ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

4)ഇസ്ലാമിക് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ (ഹൈസ്കൂൾ വിഭാഗം)താഴെ പറയുന്ന ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| പേര് | ആകെ ശമ്പളം | ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| പി.കെ.സുഹറാബി (എഫ്.ടി.എം) | 130260 | 1250 | 1000 | 250 |
| മുഹമ്മദ് സുഹൈബ് തങ്ങൾ (ഒ.എ) | 130260 | 1250 | 1000 | 250 |
| ദിൽജിത്ത്.സി.പി (ക്ലർക്ക്) | 126000 | 1250 | 1000 | 250 |

| | | | | |
|---|---|---|---|---|
| റസിയ.ടി.എ (എച്ച്.എസ്.എ പാർട്ട് ടൈം) | 127710 | 1250 | 1000 | 250 |
| ആകെ | | | | 1000 |

കുറവ് വന്ന തൊഴിൽ നികുതി 1000/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള(ബോണസ്/ഉത്സവ ബത്ത, ലീവ് സറണ്ടർ ഉൾപ്പെടെ) മൊത്ത വരുമാനത്തിന്റെ മേലെയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച വരുമാനപത്രികകളിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്നില്ല.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ടാപ്പുകൾക്ക് വെള്ളക്കരം അടവാക്കൽ - ഗാർഹിക കണക്ഷൻ നടപടികൾ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ ജല അതോറിറ്റിയുടെ പൊതു ടാപ്പുകൾക്ക് വെള്ളക്കരം ഇനത്തിൽ 2016-17 സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും 10,56,280/- രൂപയും, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ൽ നിന്നും 2,55,500/- രൂപയും ജല അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. കൂടാതെ 15-3-17 മുതൽ 25-3-17 വരെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ 75,880/- രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചു കാണുന്നു.

പഞ്ചായത്ത് പരിധിയിൽ 276 പൊതു ടാപ്പുകൾ ഉള്ളതായി വാട്ടർ അതോററ്റിയുടെ ബില്ലുകളിൽ കാണുന്നു. എല്ലാ ടാപ്പുകളും പ്രവർത്തന ക്ഷമമാണോ എന്നും, പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ കൃത്യത ഉറപ്പാക്കുന്നതിനും, ഇല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 21/16.8.17 നൽകിയതിന് ലഭിച്ച മറുപടിയിൽ ഒരുമനയൂർ ഗ്രാമ പഞ്ചായത്തിലെ 276 KWA ടാപ്പുകളിൽ വെള്ളം ലഭിക്കുന്നവയാണെന്നും, വെള്ളം ലഭിക്കാത്ത ടാപ്പുകൾ cut ചെയ്തിരുന്നു എന്നും അറിയിച്ചു. 5 വാർഡുകളിലെ മുഴുവൻ പൊതു ടാപ്പുകളും ഒരു മാസത്തിനകം നിർത്തലാക്കുകയാണെന്നും, മറ്റു വാർഡുകളിലും പൊതു ടാപ്പുകൾ നിർത്തലാക്കുന്ന പ്രവർത്തനങ്ങൾ ഉടൻ ആരംഭിച്ച് ഗാർഹിക കണക്ഷനുകൾ മാത്രം പ്രോൽസാഹിപ്പിക്കുന്നതാണെന്നും അറിയിച്ചു.

നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 തെരുവുനായ് വന്ധ്യംകരണം - വിഷനായ്ക്കളുടെ

## നിർമ്മാർജ്ജനം - സാമ്പത്തിക വർഷം രണ്ട് തവണ തുക ചെലവഴിച്ചു.

വൗച്ചർ നമ്പർ - 143/16-17 തീയതി - 20-6-2016

തുക – 26,700/-

ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തെരുവുനായ്ക്കളെ വന്ധ്യംകരണം നടത്തുന്നതിനും, പേ ബാധയുള്ളവയെ ഉൻമൂലനം ചെയ്യുന്നതിനുമായി പഞ്ചായത്തിന്റെ 6-6-2016 ലെ 3(6) നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ. കെ.ആർ. ബാലൻ. ആലത്തൂർ, പാലക്കാട് എന്നവരുടെ 9-6-16 ലെ ക്വട്ടേഷൻ അംഗീകരിക്കുകയും, നമ്പർ എ1-1263/16 തീയതി 10-6-16 കത്തു പ്രകാരം ടിയാന് പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകുകയും ചെയ്തു. ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിൽ നിന്നുമായി മൊത്തം 178 നായ്ക്കളെ ഉൻമൂലനം നടത്തിയ വകയിൽ 26,700/- രൂപ ടിയാന് നൽകുകയും ചെയ്തു. (ചെക്ക് നമ്പർ 66094 dt. 20-6-16). ഓരോ വാർഡിലും വന്ധ്യംകരണം നടത്തുകയോ, ഉൻമൂലനം ചെയ്യുകയോ ചെയ്തിട്ടുള്ള നായ്ക്കളെ സംബന്ധിച്ച സാക്ഷ്യപത്രം അതാത് വാർഡ് മെമ്പർമാർ സമർപ്പിച്ചിട്ടുണ്ട്.

ഒരുമനയൂർ ഗ്രാമപഞ്ചായത്ത് പേ വിഷ നിയന്ത്രണ പദ്ധതി (ABC Programme) പ്രൊജക്റ്റ് നമ്പർ 86/17 പ്രകാരം 27-2-2017 ന് 75,000/- രൂപ വികസന ഫണ്ടിൽ നിന്ന് തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ Spl TSP (Joint Venture) അക്കൗണ്ടിലേക്ക് അടവാക്കിയതായും കാണുന്നു. സർക്കാർ ഉത്തരവ് പ്രകാരം ABC പ്രോഗ്രാമിന് 2016-17 വാർഷിക പദ്ധതിയിൽ നിർബന്ധമായും തുക വകയിരുത്തണമെന്ന നിർദ്ദേശ പ്രകാരമാണ് വികസന ഫണ്ടിൽ നിന്നും 75,000/- രൂപ ജില്ലാ പഞ്ചായത്ത് സംയുക്ത പ്രോജക്റ്റിലേക്ക് വകയിരുത്തിയതെന്ന് മേൽ വിഷയവുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിക്കുകയുണ്ടായി. പ്രോജക്റ്റ് പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-3 പൊതുമരാമത്ത് മേഖലയിലെ പദ്ധതി നിർവ്വഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ , വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| എണ്ണം | 45 | 11 | 24 |
| തുക | 2,08,64,475 | 79,02,736 | 37.88 |

അംഗീകാരം കിട്ടിയ പ്രോജക്റ്റുകളിൽ 24% പ്രോജക്റ്റുകൾ നടപ്പാക്കുവാനും വകയിരുത്തിയ തുകയുടെ 37.88% തുക ചെലവഴിക്കാനും മാത്രമെ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ പ്രോജക്റ്റുകളുടെ ബാഹുല്യം കാരണം ഗുണമേൻമ ഉറപ്പുവരുത്താൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രോജക്റ്റുകളും നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു.

പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതു മൂലം ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേൻമ ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ടെണ്ടർ, ഇ-ടെണ്ടറുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം പരിമിതം

സ.ഉ.(പി) നം. 542/15/ധന. തീയതി 17-11-2015 പ്രകാരം 5 ലക്ഷം രൂപയും അതിനു മുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. 2016-17വർഷത്തിൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിൽ 5 ലക്ഷം രൂപ മുതൽ അടങ്കൽ നിശ്ചയിച്ച 5 പ്രവൃത്തികളാണ് ഇ-ടെണ്ടർ മുഖാന്തരം നടപ്പാക്കിയത്. ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും പഞ്ചായത്തിന് 2,21,042/- രൂപ മിച്ചമുണ്ടായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർകുറവ് | ലാഭം |
|---|---|---|---|---|
| 1 | അംഗൻവാടി കെട്ടിട നിർമ്മാണം | 9,56,757 | 9,36,576 | 20,181 |
| 2 | ഒരുമനയൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം | 29,06,003 | 27,16,177 | 1,89,826 |
| 3 | മുനക്കകടവ് റോഡ് പുനരുദ്ധാരണം | 5,40,702 | 5,38,988 | 1,714 |
| 4 | AP IMU റോഡിൽ കാന നിർമ്മാണം | 5,12,061 | 5,05,708 | 6,353 |
| 5 | മുത്തൻമാവ് കാരേക്കടവ് റോഡ് കാന നിർമ്മാണം | 6,02,298 | 5,99,330 | 2,968 |
| | ആകെ | | | 2,21,042 |

സാമ്പത്തിക വർഷം 5 ലക്ഷത്തിൽ താഴെ അടങ്കലുള്ള മറ്റെല്ലാ മരാമത്ത് പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ (മിക്കവാറും ഒരേ കരാറുകാരന്റെ പേരിൽ) ടെണ്ടർ ഉറപ്പിച്ചു നൽകുകയാണ് ഉണ്ടായത്.

പരമാവധി പ്രവൃത്തികൾ ഇ-ടെണ്ടറുകളിലൂടെ നടപ്പാക്കുന്നതിനും ടെണ്ടറുകളിൽ കൂടുതൽ കരാറുകാരെ പങ്കെടുപ്പിച്ച് മൽസരം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതയും പരിശോധിക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃ സമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തി - അപാകതകൾ.

പ്രോജക്ട് നമ്പർ - 112/16.

പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് ഹാൾ പൂർത്തീകരണം

അടങ്കൽ തുക - 7,46,775/-

ചെലവ് - 1,44,776/-

ട്രഷറി ബിൽ നമ്പർ - 06/16-17 തീയതി 18-10-2016.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ.

കൺവീനർ - ജോഷി ഫ്രാൻസിസ്.

അളവ് പുസ്തകം - 110/2015-16.

2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ മേൽ പ്രവൃത്തിയുടെ IVth and Final ബിൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. മേൽ പ്രവൃത്തിക്കായി കമ്പി, മെറ്റൽ, മണൽ, സിമെന്റ് തുടങ്ങിയ നിർമ്മാണ സാധനങ്ങളുടെ വില നൽകിയ വ്യക്തി കൺവീനറിൽ നിന്നും കൈപ്പറ്റിയതിന്റെ വൗച്ചർ മാത്രമെ ഫയലിൽ കാണുന്നുള്ളൂ. 1999 ലെ ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള പ്രവൃത്തികൾക്ക് നിർമ്മാണ സാധനങ്ങൾ വാങ്ങുമ്പോൾ സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ കാഷ് ബില്ലോ, രശീതിയോ വേണം. സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ, ഡീലർമാരിൽ നിന്നോ മാത്രമെ വാങ്ങാവൂ എന്നും നിഷ്കർഷിച്ചിട്ടുള്ളതാണ്.

2. അംഗീകൃത ക്രഷർ യൂണിറ്റുകളിൽ നിന്നും മെറ്റൽ, എം സാന്റ് എന്നിവ വാങ്ങുമ്പോൾ വാറ്റ് ബിൽ നിർബന്ധമായും ഫയലിൽ സൂക്ഷിക്കേണ്ടതും മണൽ പാസ് മുഖേന മണൽ ലഭ്യമാക്കേണ്ടതും പാസുകൾ ഫയലിൽ സൂക്ഷിച്ച് പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയവ ഫയലിൽ ഇല്ല.

3. സിമന്റ്, കമ്പി മുതലായ നിർമ്മാണ വസ്തുക്കൾ വാങ്ങിയതിന്റെ കാഷ് ബില്ലോ, രശീതിയോ ഫയലിൽ ഇല്ല. ഇപ്രകാരം ആധികാരിക രേഖകളുടെ പിൻബലമില്ലാതെയാണ് കൺവീനർക്ക് ബിൽ തുക നൽകിയിട്ടുള്ളത്.

4. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. കൺവീനർ ഹാജരാക്കിയ മസ്റ്റർ റോളുകളിൽ തൊഴിലാളികളുടെ പൂർണ്ണമായ വിവരങ്ങൾ ചേർക്കുകയോ, തീയതി രേഖപ്പെടുത്തി ഒപ്പ് വെക്കുകയോ ചെയ്തിട്ടില്ല.

6. ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്ക് സൂക്ഷ്മ പരിശോധന നടത്തി ആധികാരികമാക്കിയിട്ടില്ല.

7. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ 16/14.08.17 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം വിനിയോഗിച്ച 1,44,776/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-6 മരാമത്ത് പ്രവൃത്തികൾ - നടപടിക്രമങ്ങളിലെ അപാകതകൾ

അസി.എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും അനുബന്ധ രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വർക്ക് ഓർഡറുകളിൽ പലതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടെണ്ടർ ലഭിച്ച കരാറുകാരൻ കരാറിൽ ഏർപ്പെടേണ്ടത് എന്നായിരുന്നു എന്നും, കരാർ വെക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ടോ എന്നും പരിശോധിച്ചുറപ്പുവരുത്താൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ഉദാ - 1. പ്രോജകക്ട് നമ്പർ 131/16 ഒറ്റതെങ്ങ് റോഡ് സൈഡ് കെട്ടി സംരക്ഷണം.

2. പ്രോജകക്ട് നമ്പർ 133/16 മാവേലി റോഡ് സൈഡ് കെട്ടി സംരക്ഷണം.

മേൽ പറഞ്ഞ പ്രവൃത്തികൾക്ക് 26-10-2016 ൽ കരാറിലേർപ്പെട്ടു. 23-2-17 ന് പ്രവൃത്തി പൂർത്തീകരിച്ചു.

3. എഗ്രിമെന്റ് രജിസ്റ്ററിലും, കരാർ ഉടമ്പടിയിലും പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തിയിട്ടില്ല. ഫയലുകളിൽ ഒന്നും തന്നെ ടെണ്ടർ നോട്ടീസിന്റെ പകർപ്പ് വെച്ചിട്ടില്ല, പല ഫയലുകളിലും ടെണ്ടർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ രേഖകൾ ഇല്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയുണ്ടായി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

# 3-7 വാതക ശ്മശാനം - നിർമ്മാണം - അവസാന ഘട്ടത്തിൽ.

ഒരുമനയൂർ ഗ്രാമ പഞ്ചായത്തിൽ വാതക ശ്മശാനം നിർമ്മിക്കുന്നതിനായി 65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റിന് (നമ്പർ 92/17) അംഗീകാരം വാങ്ങി കോസ്റ്റ് ഫോർഡുമായി 29-12-16 ന് കരാറിൽ ഏർപ്പെടുകയും, ടി പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 47,27,076/- രൂപ കോസ്റ്റ് ഫോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. (ബിൽ നമ്പർ 7/16-17 dt.18-1-17, 11,81,769/-രൂപ, ബിൽ നമ്പർ 8/16-17 dt. 31-1-17, 11,81,769/-രൂപ, ബിൽ നമ്പർ 9/16-17 dt. 10-3-17, 11,81,769/-രൂപ,ബിൽ നമ്പർ 16/16-17 dt. 31-3-17, 11,81,769/-രൂപ). ആയതിന്റെ Utilization Certificate കോസ്റ്റ് ഫോർഡ് ഹാജരാക്കിയിട്ടുണ്ട്. കോസ്റ്റ് ഫോർഡുമായി ഉണ്ടാക്കിയ കരാർ ഉടമ്പടിയിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല.

പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച് നിലവിലെ സ്ഥിതിവിവരം ആരാഞ്ഞുകൊണ്ട് നടത്തിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/9.8.17) ലഭിച്ച മറുപടിയിൽ വാതക ശ്മശാനം നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓഗസ്റ്റ് 31നകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഓഡിറ്റിന്റെ ഭാഗമായി അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഇക്കാര്യം ബോദ്ധ്യപ്പെട്ടു. നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് ക്രിമറ്റോറിയം പ്രവർത്തനസജ്ജമാക്കുന്ന വിഷയത്തിൽ പഞ്ചായത്തിന്റെ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടതാണ്..

# 3-8 പാലിയേറ്റീവ് കെയർ-Kmscl- ൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

പ്രൊജക്റ്റ് നം:23/17

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (PHC)

ബിൽ നം:8/2016-17dt 28-2-17

മൊത്തം ബിൽ തുക: 129487

മരുന്നിനായി KMSCL ന് നൽകിയത്:107000

ഒരുമനയൂർ പഞ്ചായത്തിൻെറ പാലിയേറ്റീവ് കെയർ പ്രവർത്തനവുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിന് 107000 രൂപ KMSCL ന് നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-9 അങ്കണവാടികളിലേക്ക് ഗ്യാസ് സ്റ്റൗവ് വാങ്ങൽ-ജി.ഒ.ആർ.ടി 2487/2016 തസ്വഭവ.തീയ്യതി.20-8-16-ലെ വ്യവസ്ഥ പാലിച്ചില്ല.

പ്രോജക്റ്റ് നമ്പർ:100/17

ബിൽ നമ്പർ :11/16-17 തീയ്യതി.27-2-2017

ബിൽ തുക:24300

നിർവ്വഹണോദ്യോഗസ്ഥൻ: ഐ സി ഡി എസ് സൂപ്പർ വൈസർ

മേൽ നമ്പർ പ്രോജക്റ്റ് പ്രകാരം പഞ്ചായത്തിലെ 12 അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ വാങ്ങുന്നതിനായി 24300 രൂപ ചെലവഴിച്ചിട്ടുണ്ട്. 4-2-17-ലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(6) തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ അങ്കണവാടികൾക്ക് പാചക വാതക സ്റ്റൗ ആവശ്യമായതിനാലും, IOC ചാവക്കാട് അനുഗ്യാസ് ഏജൻസിയിൽ നിന്നും സിലിണ്ടറുകൾ ലഭിക്കുന്നതിനാൽ അവരുടെ പരിശോധന വേണ്ടതിനാലും പാചകവാതക സ്റ്റൗ ടെണ്ടർ ക്വട്ടേഷൻ ഒഴിവാക്കി IOC ഡീലർ ആയ അനു ഗ്യാസ് ഏജൻസിയിൽ നിന്നും വാങ്ങിക്കുന്നതിന് ICDS

സൂപ്പർവൈസറെ സെക്രട്ടറി ചുമതലപ്പെടുത്തുകയും18-2-17ന് 12 Butterfly DLX-100 ഡബിൾ ബർണർ ഗ്യാസ് സ്റ്റൗവുകൾ അനു ഗ്യാസ് ഏജൻസിയിൽ നിന്ന് വാങ്ങുകയും ചെയ്തു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും,കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെയും ഉപയോഗത്തിന് വേണ്ടി സാധനങ്ങൾ സമാഹരിക്കുമ്പോൾ ജിഒ(ആർ.ടി) 2487/2016 പ്രകാരം 15000 രൂപക്ക് മുകളിലുള്ള പർച്ചെയ്സുകൾക്ക് ക്വട്ടേഷൻക്ഷണിക്കേണ്ടതുണ്ട് എന്നുള്ള വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 അങ്കണവാടി പോഷകാഹാരം പദ്ധതി -അപാകതകൾ

പ്രോജക്റ്റ് നമ്പർ: 42/17

ബിൽ നംമ്പർ:3/16-17 തീയതി 30-11-16,9/16-17 തീയതി 16-2-17, ചെക്ക്നം: 836789/29-3-17

തുക:11396

ഐസിഡിഎസ് സൂപ്പർ വൈസർ നിർവ്വഹണോദ്യോഗസ്ഥയായിട്ടുള്ള അങ്കണവാടി പോഷകാഹാരവുമായി ബന്ധപ്പെട്ടുള്ള മേൽ നം പ്രോജക്ടിൽ ഭക്ഷണസാധനങ്ങളുടെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജായി മേൽ പ്രകാരമുള്ള ബില്ലുകളിൽ നിന്നും 11396 രൂപ (കി ഗ്രാമിന് ഒരുരൂപ നിരക്ക്) ഒരുമനയൂർ സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ചിട്ടുണ്ട്. ജിഒ(എംഎസ്)4/16 തസ്വഭവ തി 11-1-16 പ്രകാരമുള്ള ക്വട്ടേഷൻ സംബന്ധിച്ച വ്യവസ്ഥ പാലിച്ചിട്ടില്ല. ആയത് വിശദീകരിക്കേണ്ടതും സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമം സ്വീകരിക്കേണ്ടതുമാണ്.

## 3-11 അങ്കണവാടിപോഷകാഹാരം -കേന്ദ്രവിഹിതം ലഭിച്ചത് ചെലവഴിച്ചതിന് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.

ചെക്ക് നമ്പർ 836744/20-8-16പ്രകാരം 104005 രൂപ ICDS സൂപ്പർവൈസർക്ക് കേന്ദ്രവിഹിതം നൽകിയിട്ടുണ്ട്. എന്നാൽ തുക കാഷ്ബുക്കിൽ വരവ് വെയ്ക്കുകയോ ചെലവഴിച്ചതിൻെറ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ 104005 രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 27/17-8-17 ന് മറുപടി ലഭിച്ചിട്ടില്ല.

## 3-12 അങ്കണവാടി പോഷകാഹാരം -സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണം നടത്തിയതിൻെറ വിവരങ്ങളും ലഭ്യമല്ല.

പ്രോജക്റ്റ് നം:42/17

ബിൽ നം:3/16-17 തി:30-11-16

തുക:323425

ബിൽ നം:9/16-17തി:16-2-17

തുക:230420

1)അങ്കണവാടികൾക്ക് 21-7-16 ന് ബിൽ നം 30066 പ്രകാരം വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

2) സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ചാവക്കാട് ,നിന്നും വാങ്ങിയ 710kg (ബിൽ നം.1611512/30-7-16) അരി അങ്കണവാടികൾക്ക് വിതരണം നടത്തിയതിൻെറ വിവരം ലഭ്യമല്ല.

3) ബിൽ നം 140/19-8-16പ്രകാരം വരവ് വന്ന 372 kg അമൃതം പൊടി വിതരണം നടത്തിയതിൻെറ വിവരം ലഭ്യമല്ല.

4)8/16,9/16,10/16,11/16,12/16 മാസങ്ങളിലായി 22316രൂപ fuel&condiments നായി അങ്കണവാടി വർക്കേഴ്സിനായി നല്കിയ വിവരം അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 230420/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 അങ്കണവാടി പൂരക പോഷകാഹാരം കേന്ദ്ര വിഹിതം- ബാലൻസ് തുക വിനിയോഗിച്ചിട്ടില്ല.

അങ്കണവാടി പോഷകാഹാരം പദ്ധതികൾക്കായി വിവിധ വർഷങ്ങളായി കേന്ദ്രവിഹിതം ലഭിച്ച തുകയിൽ 31-3-17 ൽ 445782 രൂപ ബാലൻസുണ്ട്. ആയത് സ.ഉ നം 39033//ഡി സി.2/2010 തസ്വഭവ 3-9-2010 ന് വിധേയമായി ഉപയോഗിയ്ക്കാവുന്നതാണ്.

## 3-14 SSA പഞ്ചായത്ത് വിഹിതം അധികം അടച്ച തുക തിരികെ ലഭിക്കേണ്ടത്.

പ്രൊജക്റ്റ് നം-S003/17
നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-വികസനഫണ്ട്-432200/-

ചെലവ്-ട്രഷറിബിൽ നം 10-A/10/16-17/Gen/30.8.16,₹432200/-

SSAപഞ്ചായത്ത് വിഹിതം ബാലൻസ് അടക്കൽ, S0088/17

അടങ്കൽ-വികസനഫണ്ട്-337406/-

ചെലവ്-ട്രഷറിബിൽ നം28/06/CFC/16-17/SSA/31.12.16, ₹337406/-

SSA യുടെ LSG Level plan &Budget for 2016-17 പ്രകാരം പഞ്ചായത്തിൽ 1924014/-രൂപയുടെ പ്രൊജക്ടുകളാണ് നടപ്പാക്കാനുദ്ദേശിച്ചിരുന്നത്. ആയതിന്റെ 40%തുകയായ 769606/-രൂപയാണ് SSAയുടെ ആവശ്യപ്രകാരം അടവാക്കിയത്. SSAജില്ലാ പ്രൊജക്റ്റ് ഓഫീസർ 24.6.17ന് നൽകിയ ധനവിനിയോഗസാക്ഷ്യപത്രപ്രകാരം 769606/-രൂപയും ചെലവഴിച്ചതായി പറയുന്നു. എന്നാൽ ടി സാക്ഷ്യപത്രത്തോടൊപ്പമുള്ള Expenditure Statement പ്രകാരം തൻവർഷത്തെ ആകെ ചെലവ് 677296/-രൂപമാത്രമാണ്. ഈ തുകയുടെ 40% അതായത് 270918/-രൂപ മാത്രമാണ് പഞ്ചായത്ത് വഹിക്കേണ്ടതുള്ളൂ. ആയതിനാൽ SSAയുടെ കൈവശം അധികമുള്ള 498688/- ( 769606 – 270918 ) രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 IKMപ്രവർത്തനഫണ്ട്-രശീതി ഇല്ല

പ്രൊജക്റ്റ് നം-S0006/17

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-വികസനഫണ്ട്-28258/-

ചെലവ്-ട്രഷറിബിൽ നം 11-A/11/16-17/Gen/30.8.16,₹28258/-

എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം ന് മേൽപറഞ്ഞപ്രകാരം തുകകൈമാറിയതിന് കൈപ്പറ്റ് രശീതിയില്ല. 28258/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-16 തെരുവുവിളക്ക് മെയിന്റനൻസ്-തുക മുൻകൂർ നൽകി

പ്രൊജക്റ്റ് നം-S070/17

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-വികസനഫണ്ട്(ധനകാര്യകമ്മീഷൻഗ്രാന്റ്)-3,50,000/-

ചെലവ്-ട്രഷറിബിൽ നം 18/20.10.16,₹2,00,000/-

ട്രഷറിബിൽ നം 41-A2/11/16-17/CFC/9.3.17,₹1,50,000/-

കരാറുകാരനായ ശ്രീ.അബ്ദുൾഖാദർ, എ.കെ.ഇലക്ട്രിക്കൽസ് -ന്റെ 15.10.16 തിയതിയിലെ ബില്ല് പ്രകാരം 128 എണ്ണം CFL,290 എണ്ണം1x40w tube,130 എണ്ണം 2x40w tube എന്നിവ

നന്നാക്കിയതിന് 3,50,000/-ആവശ്യപ്പെട്ടതിനെ തുടർന്ന് മുഴുവൻ തുകയും അനുവദിച്ചു. ടിയാനുമായുള്ള 14.10.2016 തീയതിയിലെ കരാർവ്യവസ്ഥ പ്രകാരം കരാർവച്ചശേഷം 2,00,000/-രൂപ അഡ്വാൻസും 6 മാസത്തിനകം 75,000/-രൂപയും ബാക്കി തുക കരാർകാലാവധി അവസാനിക്കുമ്പോഴുമാണ് അനുവദിക്കേണ്ടത്. എന്നാൽ അപ്രകാരമല്ല തുക അനുവദിച്ചുകാണുന്നത്. 14.10.2016 മുതൽ ഒരു വർഷമാണ് കരാർകാലാവധി. 9.3.2017ന് കരാർ പ്രകാരമുള്ള മുഴുവൻ തുകയും കൈമാറിക്കഴിഞ്ഞു. ഒരുവർഷത്തേക്കുള്ള മുഴുവൻ തുകയും ചെലവുചെയ്തു കഴിഞ്ഞതിനാൽ കരാർകാലയളവിലെ ബാക്കിയുള്ള അറ്റകുറ്റപ്പണികൾ എപ്രകാരം നടത്തും എന്നതു വ്യക്തമല്ല. ആയതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 19/16.8.17 ലഭിച്ച മറുപടി തൃപ്തികരമല്ല. കരാർ തുക മുഴുവൻ കൈപ്പറ്റിയശേഷം കരാറുകാരൻ തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ തൃപ്തികരമായി നടത്തുന്നില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ പഞ്ചായത്ത് മെമ്പർമാർ അഭിപ്രായപ്പെടുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് കരാർ വ്യവസ്ഥകൾ പാലിക്കാത്തപക്ഷം കരാറുകാരനെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. കരാർ വ്യവസ്ഥക്ക് വിഭിന്നമായി തുക അനുവദിച്ചതിന് വിശദീകരണവും നല്കേണ്ടതാണ്.

## 3-17 ഗാർഹികകണക്ഷൻ നൽകലും ലൈൻനീട്ടലും

പ്രൊജക്റ്റ് നം-S0095/17

നിർവ്വഹണം -സെക്രട്ടറി

അടങ്കൽ-ലോകബാങ്ക് ധനസഹായം- 63,25,000

ഗുണഭോക്തൃവിഹിതം-75,000/- ആകെ=64,00,000

ചെലവ്-First & Part Bill തുക=719065/-

(ട്രഷറി ബില്ല് നം 9/WB/16-17/31.3.2017)

കേരള വാട്ടർ അതോറിറ്റി മുഖേന 320 ഗുണഭോക്താക്കൾക്ക് ഗാർഹികകണക്ഷൻ നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രൊജക്റ്റാണിത്. വാട്ടർ അതോറിറ്റിയുമായുള്ള കരാർ നം. 36/16-17 /SECY/19.1.17 പ്രകാരം 28.2.2017 ന് പണി ആരംഭിക്കുന്നതും 31.5.2017 ന് പൂർത്തീകരിക്കുന്നതുമാണ്. ഫൈനൽബിൽ 31.5.2017ന് നൽകും, ബാക്കി തുകയുണ്ടെങ്കിൽ 30.6.2017ന് പഞ്ചായത്തിന് തിരിച്ചുനൽകും.

കാരാർ ഉടമ്പടി പ്രകാരമല്ല പദ്ധതി നടപ്പിലാക്കിവരുന്നത്. തുക ഡെപ്പോസിറ്റ് ചെയ്തിട്ടില്ല. പാർട്ട് ബില്ല് പ്രകാരമാണ് തുക അനുവദിച്ചത്. പാർട്ട് ബില്ല് അനുസരിച്ച് പണി ആരംഭിച്ചത് 4.3.2017നു മാത്രമാണ്. നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. പ്രൊജക്റ്റ് പൂർത്തികരിക്കുന്നതിന് സെപ്റ്റംബർ/2017 വരെ സർക്കാർ കാലാവധി നീട്ടിനൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി 24/17.8.2017ന് മറുപടി ലഭിച്ചിട്ടുള്ളത്. പൊതുടാപ്പുകൾ നിർത്തലാക്കി, വെള്ളക്കരമിനത്തിലുള്ള പഞ്ചായത്തിന്റെ ബാധ്യത കുറയ്ക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് ലോകബാങ്ക് ധനസഹായത്തോടെ നടപ്പാക്കുന്ന ഈ ബൃഹത് പദ്ധതി എത്രയും വേഗം വിജയകരമായി പൂർത്തീകരിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പദ്ധതി പുരോഗതി ഉറപ്പുവരുത്തേണ്ടതാണ്.

വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 64 ലക്ഷം രൂപയുടെ പ്രവൃത്തിയാണിത്.

ആയതിൽ 3,00,000രൂപ റോഡ് റീസ്റ്റോറേഷനുള്ളതാണ്. കരാർ പ്രകാരം 64 ലക്ഷം രൂപയും പഞ്ചായത്ത്, വാട്ടർ അതോറിറ്റിക്ക് കൈമാറണം . പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ പുന:സ്ഥാപിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയായതിനാൽ അപ്രകാരമുള്ള റോഡുകളുടെ റീസ്റ്റോറേഷനുള്ള തുക വാട്ടർഅതോറിറ്റിക്ക് കൈമാറേണ്ടതുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടാതാണെന്നകാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 കുടുംബശ്രീറിവോൾവിംഗ്ഫണ്ട്-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടില്ല

പ്രൊജക്ട് നം-S0054/17

നിർവ്വഹണം-വി.ഇ.ഒ

അടങ്കൽ-വികസനഫണ്ട്-1,50,000/-

ചെലവ്-ട്രഷറിബിൽ നം-11/16-17/8.3.2017 ,₹ 1,50,000/-

15 കുടുംബശ്രീയൂണിറ്റുകൾക്ക് 10,000/-രൂപ വീതം റിവോൾവിംഗ്ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിൽ വൈഗ, നവമി, ധന്യ എന്നീ യൂണിറ്റുകൾ 19.1.17 തിയതിയിലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1(12)A പ്രകാരമുള്ള ഗുണഭോക്തൃപട്ടികയിൽ ഉൾപെട്ടവയല്ല. ഗുണഭോക്തൃപട്ടികയിലുൾപ്പെട്ട കരുണ-വാർഡ് I, ഉദയം - IV, ആര്യ- XIII എന്നീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുമില്ല.

ഓഡിറ്റ് എൻക്വയറി നം 17/14.8.17 ന് ലഭിച്ച മറുപടിയിൽ ഉദയം, കരുണ, ആര്യ അയൽക്കൂട്ടങ്ങൾക്ക് 2015ൽ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ളതിനാലാണ് ഗ്രാമസഭയിൽ അംഗീകരിച്ച് ഗ്രേഡിംഗ് കഴിഞ്ഞ മറ്റ് മൂന്ന് ഗ്രൂപ്പുകൾക്ക് അനുവദിച്ചതെന്ന് കുടുംബശ്രീ മെംബർ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ആയത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനം ഉള്ളതായോ ആയത് ഗ്രാമസഭകൾ അംഗീകരിച്ചതായോ മറുപടിയിൽ കാണുന്നില്ല. ജി.ഒ (എം.എസ്)4/2016/തസ്വഭവ/11.1.2016 ഖണ്ഡിക 7.18.2.സി പ്രകാരം മുൻഗണനാലിസ്റ്റിൽ എന്തുമാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കണം.
കൂടാതെ ഖണ്ഡിക 7.5 പ്രകാരം വ്യക്തമായ വായ്പാ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭം പ്രൊജക്ടിന്റെ അടിസ്ഥാനത്തിലാണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കേണ്ടത്. അപ്രകാരം തൊഴിൽ സംരംഭം പ്രൊജക്ടിന്റെ ഭാഗമായല്ല പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത്തരത്തിലുള്ള അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതും പദ്ധതിനിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നതായി ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-19 കെ.എസ്.ഇ.ബിക്ക് തുക മുൻകൂർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബിക്ക് തുക മുൻകൂർ

നൽകിയിട്ടുണ്ട്. നാളിതുവരെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് ചെലവുതുകയുടെയും ബാക്കി തുകയുടെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയതുക | ആകെ തുക |
|---|---|---|---|---|
| 1 | 89/17, സിസി.സുബ്രഹ്മണ്യൻ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ഡിഡി നം563486/3.1.17 | 20128 | 20128 |
| 2 | 132/2017, വാർഡ് 4 പോൾസങ്കേതം സ്ട്രീറ്റ്മെയ്ൻ | 48/16-17/17.3.17 | 28445 | 28445 |
| 3 | 128/2017, കെ.എസ്.ഇ.ബി സ്ട്രീറ്റ് മെയ്ൻ | 37/16-17/13.3.17<br>40/16-17/23.3.17<br>21600688/25.3.17 | 141526<br>35474<br>5851 | 182851 |
| 4 | 117/17, 4,8,10വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ലൈൻനീട്ടൽ | 34/16-17/27.2.17<br>39/16-17/9.3.17<br>21600688/25.3.17 | 29630<br>104685<br>3249 | 137564 |
| | ആകെ | | | 368988 |

368988/- രൂപ തടസ്സപ്പെടുത്തുന്നു.

# 3-20 ആശ്രയ പദ്ധതി -പുരോഗതി മന്ദഗതിയിൽ

വി.ഇ ഒ നടപ്പാക്കിയ ആശ്രയവിഭാഗത്തിൽപ്പെട്ടവർക്ക് ഭവനപുനരുദ്ധാരണം, SO53/17(അടങ്കൽ-വികസനഫണ്ട്-50,000/-) എന്ന പ്രൊജക്ട് അനുസരിച്ച് ട്രഷറിബിൽ നം 13/16-17 /8.3.17,ട്രഷറിബിൽ നം 18/16-17/15.3.17 എന്നിവ പ്രകാരം ₹25,000/-രൂപ വീതം പിൻവലിച്ച് താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം അനുവദിച്ചു.

ആമിന,പുതുവീട്ടിൽ-ചെക്ക് നം-703253/3.17=₹12,500,ചെക്ക് നം-703255/3.17=₹12,500

ഇമ്പിച്ചു,പുതുവീട്ടിൽ-ചെക്ക് നം-703254/3.17=₹12,500,ചെക്ക് നം-703257/3.17=₹12,500

ഇമ്പിച്ചു,പുതുവീട്ടിൽ ,വാർഡ്-XII, ആശ്രയ ഒന്നാംഘട്ട പ്രൊജക്ടിലെ 23-ാം നമ്പർ ഗുണഭോക്താവാണ്. ഒന്നാംഘട്ട ആശ്രയആക്ഷൻപ്ലാൻ അനുസരിച്ച് ഇവർ വീട് അറ്റകുറ്റപ്പണി ഗുണഭോക്താവല്ല.

ആമിന,പുതുവീട്ടിൽ രണ്ടാംഘട്ട ആശ്രയ പ്രൊജക്ടിന്റെ ഗുണഭോക്താവാണ്. രണ്ടാംഘട്ട പ്രൊജക്ടിന് 18.3.2017ന് മാത്രമാണ് സർക്കാർ അംഗീകാരം ലഭിച്ചത്. രണ്ടാംഘട്ട പ്രൊജക്ടിലെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ആശ്രയഒന്നാംഘട്ടത്തിൽ ആകെ 77 ഗുണഭോക്താക്കളുണ്ടായിരുന്നു. ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതിവിഹിതത്തിൽ നിന്നും 12 പേർക്ക് ഭവനനിർമ്മാണത്തിന് സ്ഥലം,23 പേർക്ക് ഭവനനിർമ്മാണം എന്നിവ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ പഞ്ചായത്ത്

പദ്ധതിവിഹിതം ആശ്രയ പദ്ധതിക്കായി സിഡിഎസിന് കൈമാറിയിട്ടില്ലാത്തതിനാൽ ടി ഇനങ്ങളിൽ ആർക്കും ധനസഹായം അനുവദിക്കപ്പെട്ടിട്ടില്ല എന്നാണ് ലഭ്യമായ വിവരം. ഒന്നാംഘട്ടപ്രൊജക്ടിന്റെ ആകെ അടങ്കൽ 52,05,617 രൂപയായിരുന്നു. ആയതിൽ ആകെ ചെലവായത് ചലഞ്ച് ഫണ്ട് 5,58,701/-രൂപ മാത്രം. പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് മേൽ പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചതെങ്കിലും സർവ്വെനടത്തി തയ്യാറാക്കിയ ആക്ഷൻപ്ലാൻ പ്രകാരം ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായം നൽകാതെ പ്രത്യേകം പ്രൊജക്ട് തയ്യാറാക്കി പുതുതായി ക്ലേശഘടകം പരിഗണിച്ച് ധനസഹായം അനുവദിച്ചതിന് കാരണം വ്യക്തമല്ല. ഒരുമനയൂർ പഞ്ചായത്തിൽ ആശ്രയപദ്ധതിയുടെ പുരോഗതി വളരെ മന്ദഗതിയിലായതിന് കാരണം കണ്ടെത്തി ആവശ്യമായ നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ചതുക | പ്രൊജക്ടിൻെറ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചാത്ത് | 2016-17 | 170000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 0 | 170000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 100000 | "എസ് സി പി | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 170000 | "ജനറൽ | 42970 | 127030 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | "എസ് സി പി | 0 | 100000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 89/17,സിസി.സുബ്രഹ്മണ്യൻ റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | ഡിഡി നം563486/3.1.17 | 20128 | - | 20128 |

| | | | | | |
|---|---|---|---|---|---|
| KSEB | 132/2017, വാർഡ് 4 പോൾസങ്കേതംസ്ട്രീറ്റ്മെയ്ൻ | 48/16-17/17.3.17 | 28445 | | 28445 |
| KSEB | 128/2017, കെ.എസ്.ഇ.ബി സ്ട്രീറ്റ് മെയ്ൻ | 37/16-17/13.3.17 | 141526 | | 182851 |
| | | 40/16-17/23.3.17 | 35474 | | |
| | | 21600688/25.3.17 | 5851 | | |
| KSEB | 117/17, 4,8,10 വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,ലൈൻനീട്ടൽ | 34/16-17/27.2.17 | 29630 | | 137564 |
| | | 39/16-17/9.3.17 | 104685 | | |
| | | 21600688/25.3.17 | 3249 | | |
| KSEB | 79/17, വാർഡ് 3 ലെ സ്ട്രീറ്റ് മെയ്ൻ | 23/16-17/20.10.16 | 107557 | 287488 | - |
| | | 22/16-17/20.10.16 | 176187 | | |
| | | 388983/21.10.16 | 3744 | | |
| KWA | 95/2017,ഗാർഹികകണക്ഷൻ നൽകലും ലൈൻനീട്ടലും | 54/16-17/31.3.17 | 719065 (part bill തുക) | 719065 | - |
| ആകെ | | | | | 368988 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | വൗച്ചർ നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|
| | സെക്രട്ടറി | | | | |
| | കേരളസ്റ്റേറ്റ് വനിതഡെവലപ്മെന്റ് കോർപ്പറേഷൻ (67/17സ്കൂളുകളിലേക്ക് നാപ്കിൻ വിതരണം) | 388942/ 21.10.16 | 103659 (കരാർ തുകയുടെ50%) 17-18ൽ spill over | | |
| | കെൽട്രോൺ(108/17 കമ്മ്യൂണിറ്റിഹാൾ സോളാർ പദ്ധതി) | 40/16-17 /13.2.17 | 713650 (കരാർ തുകയുടെ 50%) 17-18ൽ spill over | | |
| | അസി.എഞ്ചിനീയർ | | | | |
| | കോസ്റ്റ് ഫോർഡ് (92/17 ഗ്യാസ് ക്രിമിറ്റോറിയം) | 18.1.2017 | 1181769 | | |
| | കോസ്റ്റ് ഫോർഡ് (129/17 ശ്മശാനത്തിൽ കുടിവെള്ള ടാങ്ക് നിർമ്മാണം) | 30.3.2017 | 34931 | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5300 |
| തൻവർഷം നിക്ഷേപിച്ച തുക | -ഇല്ല |
| ആകെ | 5300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തൃശ്ശൂർ കോപ്പറേററീവ് സ്പിന്നിങ്ങ് മിൽ ഷെയർ സർട്ടിഫിക്കറ്റ് നം.093/5.7.2001 | 5000 |
| ഫിക്സഡ് ഡെപ്പോസിററ് രസിറ്റ് നം.310/1.3.2008-പീപ്പിൾ മൾട്ടി പർപ്പസ് കോ.ഓപ്പറേറ്റിവ് സൊസൈററി,കുർക്കഞ്ചേരി | 300 |
| ആകെ | 5300 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 16820രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് എത്രയുംവേഗം ലഭ്യമാക്കേണ്ടതാണ്.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ | 31591716 |

| | |
|---|---|
| വരവ് | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 32435212 |
| വരവിനങ്ങളിലുള്ള നഷ്ടം | 28259 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 876447 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 26479 | - | ഇ.എ.രാജൻ, സെക്രട്ടറി, |
| 2-8 | 1780 | - | ഇ.എ.രാജൻ, സെക്രട്ടറി, |
| ആകെ | 28259 | | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 144776 | രിഷ്മ.പി.പി, അസി.എഞ്ചിനീയർ |
| 3-11 | 104005 | ഷംസാദ്.എം, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-12 | 230420 | ഷംസാദ്.എം, ഐസിഡിഎസ് സൂപ്പർവൈസർ |
| 3-15 | 28258 | ഇ.എ.രാജൻ, സെക്രട്ടറി, |
| 3-19 | 368988 | ഇ.എ.രാജൻ, സെക്രട്ടറി, |
| | 876447 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇ.എ.രാജൻ, സെക്രട്ടറി | സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-1, വെങ്കിടങ്ങ് | എടക്കളത്തൂർ ഹൗസ്, പി.ഒ.മുല്ലശ്ശേരി |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 67-68, 80-81, 82-83, 83-84, 84-85, 85-86, 86-87, 87-88,88-89, 89-90, 90-91, 91-92, 92-93, 93-94, 94-95, 95-96 | എൽ.എഫ്.ടി.എസ്.2-1314/11/14.07.11 |
| 96-97 | എൽ.എഫ്.ടി.13-564/98/12.10.98 |
| 97-98(ചെലവ്) | എൽ.എഫ്.ടി.17-1844/99/22.02.2000/ 29.05.2000 |
| 98-99(ചെലവ്) | എൽ.എഫ്.ടി.13-733/01/27.06.02 /9.12.2007 |
| 99-2000(ചെലവ്) | എൽ.എഫ്.ടി.13-740/03/02.09.03 |
| 99-2000(വരവ്) | എൽ.എഫ്.ടി.13-609/06/12.10.06 /08.03.07 |
| 2000-01, 2001-02പ്ളാൻ | എൽ.എഫ്.ടി.13-1540/03/20.02.04 |
| 97-98(വരവ്) | എൽ.എഫ്.ടി.13-607/06/12.10.06 /08.03.07 |
| 98-99(വരവ്) | എൽ.എഫ്.ടി.13-608/08/12.10.06 /08.03.07 |

| | |
|---|---|
| 2000-01പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-1520/07/24.06.08 |
| 2001-02പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2359/07/24.06.08 |
| 2002-03പദ്ധതിവിഹിതം ഒഴികെ | എൽ.എഫ്.ടി.13-2360/07/24.06.08 |
| 2003-04വരവ്ചെലവ് | എൽ.എഫ്.ടി.13-1263/08/15.12.09 |
| 2004-05 | എൽ.എഫ്.ടി.13-1264/08/15.12.09 |
| 2005-06 | എൽ.എഫ്.ടി.13-650/09/18.09.10 |
| 2006-07 | എൽ.എഫ്.ടി.13-651/09/18.09.10 |
| 2007-08 | എൽ.എഫ്.ടി.13-1137/10/22.01.2011 |
| 2008-09 | എൽ.എഫ്.ടി.13-1138/10/22.01.11/07.05.11 |
| 2009-10 | എൽ.എഫ്.ടി.പി4-1078/12/27.09.12 /14.03.13 |
| 2010-11 | എൽ.എഫ്.ടി.പി4-1079/12/27.09.12 /14.03.13 |
| 2011-12 | എൽ.എഫ്.ടി.പി3-1434/13/13.01.2014/ 04.03.2014 |
| 2012-13 | എൽ.എഫ്.ടി.പി.8-571/14 തീ.4.11.2014/7.01.2015 |
| 2013-14 | കെ.എസ്.എടി.എസ്.അർ.പി.8-944/15 തി.20.07.2015/7.12.2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.8-1228/16 തി. 23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.8-32/17 തി. 6.01.17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി8)1405/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ -680020

ഫോൺ 0487 2331249

email: dotsr.ksad@keralagov.in


തീയതി: 17.10.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ

ഒരുമനയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA -TSR(P8)1405/2017

Kerala State Audit Department.

District Audit Office,

Thrissur – 680020

Ph: 0487 2331249

email: dotsr.ksad@keralagov.in

Dated: 17.10.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Orumanayur Grama Panchayat in Thrissur District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made thereunder and the guidelines issued by the Comptroller & Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial Statements of Orumanayur Grama Panchayat for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office
Thrissur